ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ബി.റ്റി.വി. കൃഷ്ണൻ BTech)

ഉത്തരവ് : നമ്പർ ബി2/120/2020/എച്ച്.ഇ.സിഇ    തീയതി : 3 /08/20120

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – ബ്ലൂപ്രിന്റർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1 ഈ കാര്യാലയത്തിലെ 21/5/2020–ലെ ഇതേ നമ്പർ സർക്കുലർ
2 മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 5-3-2020–ലെ എ2-64/2008/എച്ച്.ഇ.സിസി നമ്പർ കത്ത്
3 എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27/5/2020–ലെ എ3-3139/11/ഇഇ നമ്പർ കത്ത്
4 അസി.എക്സി.എഞ്ചിനീയർ, പുതിയാപ്പയുടെ 28-5-2020–ലെ ഇ1-46/98/എ.ഇ.ഇ. നമ്പർ കത്ത്

ഹാർബർ എൻജിനീയറിംഗ് വകുപ്പിൽ ബ്ലൂപ്രിന്റർ തസ്തികയിൽ നിന്നും 2020 മേയ് മാസം 31–ന് ആലപ്പുഴ ഡിവിഷൻ കാര്യാലയത്തിലെ ശ്രീ. മോഹനകുമാർ , കോഴിക്കോട് ഡിവിഷൻ കാര്യാലയത്തിലെ ശ്രീ. ശിവൻ എന്നിവർ വിരമിച്ചതിനാലും എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ബ്ലൂപ്രിന്റർ ശ്രീമതി. കെ.ആർ.രമ്യ ബ്ലൂപ്രിൻറർ തസ്തികയിൽ നിന്നും മൂന്നാംഗ്രേഡ് ഓവർസിയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ചതിനാലും ഉണ്ടായ ഒഴിവുകളിലേയ്ക്ക് ഈ വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരിൽ നിന്നും ബ്ലൂപ്രിന്റിംഗ് യോഗ്യതയുള്ള ജീവനക്കാരുടെ അപേക്ഷ ക്ഷണിക്കുകയും മേൽ സൂചന 2,3,4 പ്രകാരം അപേക്ഷകൾ ലഭ്യമായിട്ടുള്ളതുമാകുന്നു. പ്രസ്തുത നിയമനം നടത്തുന്നത് ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ്. ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ഡിവിഷൻ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. എസ്. ശ്രീകല, (ക്രമനമ്പർ. 38) എറണാകുളം ഡിവിഷൻ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എൻ.വി. വിപിൻ (ക്രമനമ്പർ. 45), പുതിയാപ്പ സബ് ഡിവിഷൻ കാര്യാലയത്തിലെ ലാസ്കർ ശ്രീ. എം.എസ്. മനു (ക്രമനമ്പർ. 46) എന്നിവരാണ് ബൈട്രാൻസ്ഫർ നിയമനത്തിന് അർഹരായിട്ടുള്ളത്. മേൽ വിവരിച്ച സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് ആലപ്പുഴ ഡിവിഷൻ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. എസ്. ശ്രീകലയെ 17000–37500 രൂപ ശമ്പള സ്കെയിലിൽ ബ്ലൂപ്രിന്റർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി ആലപ്പുഴ ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുത്തരവാകുന്നു.

2. ഹാർബർ എഞ്ചിനീയറിംഗ് എറണാകുളം ഡിവിഷൻ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. വിപിൻ. എൻ.വി.യെ 17000-37500 രൂപ ശമ്പള സ്കെയിലിൽ ബ്ലൂപ്രിന്റർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി എറണാകുളം ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുത്തരവാകുന്നു.

3. ഹാർബർ എഞ്ചിനീയറിംഗ് പുതിയാപ്പ സബ് ഡിവിഷൻ കാര്യാലയത്തിലെ ലാസ്കർ ശ്രീ.എം.എസ്. മനുവിനെ 17000-37500 രൂപ ശമ്പള സ്കെയിലിൽ ബ്ലൂപ്രിന്റർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി കോഴിക്കോട് ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുത്തരവാകുന്നു.

ടി ജീവനക്കാർ നിയമനം നൽകിയ കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

പകർപ്പ് (1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യ/ഉത്തരമേഖല
(2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ ആലപ്പുഴ, എറണാകുളം, കോഴിക്കോട്
3) അസി.എക്സി. എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, പുതിയാപ്പ, കോഴിക്കോട്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

TEPJ